# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 7, വ്യാഴാഴ്ച

**നമ്പർ 33**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലും, കൃഷി സ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ അക്രമങ്ങളെ തുടർന്ന് മനുഷ്യ ജീവനകൾ നഷ്ടപ്പെടുകയും, നിരവധിപേർക്ക് ഗുരുതര പരിക്കുകൾ ഏൽക്കുകയും, കൃഷിയും സമ്പത്തുകളും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

1. സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളിലേയ്ക്ക് ശ്രീ. ജി. എസ്. ജയലാൽ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്തെ സുനാമി കോളനികളുടെ ശോചനീയാവസ്ഥയും കോളനി നിവാസികളുടെ ദുരിതങ്ങളും പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. ആർ. മഹേഷ് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1592/2021(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ടി. ജെ. വിനോദ് | പ്രളയ ദുരിതാശ്വാസ പൊതുവിഭാഗം ഫണ്ട് പുനഃസ്ഥാപിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | ഭൂമി തരം മാറ്റ അപേക്ഷകളിന്മേൽ തുടർ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (നെന്മാറ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ തുടങ്ങുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം | പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. കെ. അക്ബർ | ചാവക്കാട് താലൂക്ക് ആശുപത്രിയുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ധനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | കൊച്ചി അഴിമുഖത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. കെ. എം. അഷ്റഫ് | അധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് - കാണിയൂർ റെയിൽ പാത | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

നിയമനിർമ്മാണകാര്യം :

2021 - ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021 - ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 - ാം നമ്പർ) ബിൽ എന്നിവയുടെ അവതരണവും, സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 - ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. റോജി എം. ജോൺ നിരാകണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. കെ. ബഷീറും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. എസ്. അരുൺ കുമാറും അവതരിപ്പിച്ചു സംസാരിച്ചു.

ശ്രീ. എം. വിൻസെന്റ് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2- ാം നമ്പർ) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഷാഫി പറമ്പിൽ നിരാകണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. എം. സച്ചിൻദേവും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. സി. വിഷ്ണുനാഥും അവതരിപ്പിച്ചു സംസാരിച്ചു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI– ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI - ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2021 ഒക്ടോബർ 8- ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.54 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, October 7, 2021*

**No. 33**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Two Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Forest and Wildlife, the Speaker withheld consent to the moving of an adjourment motion given notice of by Shri Sunny Joseph and four other Members to the serious situation reported to have arisen consequent to the loss of life and injuries caused to the people and destruction of property and crop damage due to the attack and straying of wild animals in human settlements and agricultural fields in various places of the State.

*Calling Attention* :

1. Shri G. S. Jayalal called the attention of the Minister for Law, Industries and Coir to the crisis being faced by the cashew industry in the State. The Minister made a statement thereto.
2. Shri C. R. Mahesh called the attention of the Minister for Revenue and Housing to the necessity to take steps to address the miserable conditions of tsunami colonies and to resolve the plight of colony residents. The Minister made a statement thereto.

KNPP. 1592/2021(ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. ടി. ജെ. വിനോദ് | പ്രളയ ദുരിതാശ്വാസ പൊതുവിഭാഗം ഫണ്ട് പുനഃസ്ഥാപിക്കുന്നതിന് നടപടി | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | ഭൂമി തരം മാറ്റ അപേക്ഷകളിന്മേൽ തുടർ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ബാബു (നെന്മാറ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ തുടങ്ങുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം | പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി. | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. കെ. അക്ബർ | ചാവക്കാട് താലൂക്ക് ആശുപത്രിയുടെ വികസനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. ഷംസുദ്ദീൻ | വട്ട്ലക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ധനകാര്യ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | കൊച്ചി അഴിമുഖത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി |
| 9 | ശ്രീ. എ.കെ.എം. അഷ്റഫ് | അധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 10 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാഞ്ഞങ്ങാട് - കാണിയൂർ റെയിൽ പാത | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report*:

The Fourth Report of the Committee on Private Members' Bills and Resolutions was presented.

*Legislative Business* :

Introduction and motion for reference to Subject Comittee of The University Laws (Amendment) Bill, 2021, The University Laws (Amendment) (No. 2) Bill, 2021.

DR. R. Bindu, Minister for Higher Education and Social Justice introduced The University Laws (Amendment) Bill, 2021 and The University Laws (Amendment) (No. 2) Bill and laid the statements under rule 75 (1). Then the Minister moved that the Bills be referred to Subject Committee VI.

Prof. Abid Hussain Thangal moved the ordinance disapproval motion in respect of The University Laws (Amendment) Bill, 2021 and spoke. Shri Roji M. John seconded the motion and spoke. Shri P. K. Basheer as authorised by Shri A. K. M. Ashraf moved an amendment to circulate the Bill for eliciting public opinion and Shri M. S. Arun Kumar as authorised by Shri K. Ansalan moved another amendment for referring the Bill to a Select Committee and spoke.

Shri M. Vincent moved the ordinance disapproval motion in respect of The University Laws (Amendment) (No. 2) Bill and spoke. Shri Shafi Parambil as authorised by DR. Mathew Kuzhalnadan seconded the motion and spoke. Shri K. M. Sachindev as authorised by Shri A. N. Shamseer moved an amendment to circulate the Bill for eliciting public opinion and Shri P. C. Vishnunadh moved another amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Higher Education and Social Justice, the ordinance disapproval motions were declared lost. The amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to the Subject Committee VI.

The House adjourned at 3.54 p.m. to meet again at 9.00 a.m. on Friday October 8, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*